**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 148** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പകർച്ചവ്യാധികൾ മൂലമുള്ള മരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഷിഗെല്ല, വെസ്റ്റ് നൈൽ തുടങ്ങിയ രോഗങ്ങൾ മൂലമുള്ള മരണങ്ങൾ അടുത്തിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

**<u>മറുപടി:</u>** 2026 ൽ 196 ഷിഗല്ലോസിസ് കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 6 മരണം സംഭവിച്ചിട്ടുണ്ട്. 2026 ൽ 10 വെസ്റ്റ് നൈൽ കേസുകൾ റിപ്പോർട്ട് ചെയ്തെങ്കിലും മരണങ്ങളൊന്നും സംഭവിച്ചിട്ടില്ല.

**(ബി)** പകർച്ചവ്യാധികൾ മൂലമുള്ള മരണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പകർച്ചവ്യാധികൾ മൂലമുള്ള മരണങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ **അനുബന്ധമായി** ചേർക്കുന്നു.

**(സി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സാപിഴവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സാപിഴവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ പരിശോധിച്ച് വരുന്നു.

**(ഡി)** ഇത്തരം പരാതികളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## പകർച്ചവ്യാധി വ്യാപനം മൂലമുള്ള മരണങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

- ആരോഗ്യ ജാഗ്രത കലണ്ടർ വർഷാരംഭത്തിൽ തന്നെ പ്രസിദ്ധീകരിക്കുകയും എല്ലാ ജില്ലകളിലും കലണ്ടർ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.
- എല്ലാ മാസവും, മൂന്നാമത്തെ ചൊവ്വാഴ്ച ദിവസം Healthy Kerala പരിപാടിയുടെ ഭാഗമായി ഭക്ഷണ സ്ഥാപനങ്ങളുടെയും, മറ്റ് പൊതുഇടങ്ങളിലുമുള്ള പരിശോധനകൾ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.
- എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിൽ പകർച്ചപ്പനി അടക്കമുള്ള പകർച്ചവ്യാധികളുടെ സ്ഥിതി വിശേഷം ചർച്ച ചെയ്ത് വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നു.
- എല്ലാ ആഴ്ചയിലും ജില്ലാ സർവൈലൻസ് ഓഫീസർമാരുടെ അവലോകന യോഗം കൃത്യമായി നടന്നുവരുന്നു. അവലോകന യോഗത്തിൽ ഓരോ ജില്ലയിലെയും കേസുകളുടെ നിരക്കും സാന്ദ്രതയും അവലോകനം ചെയ്ത് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനതലത്തിൽ നിന്നും ആവശ്യമുണ്ടെങ്കിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദഗ്ദ്ധ സംഘത്തെ ജില്ലകളിലേക്ക് അയക്കുകയും ചെയ്യുന്നുണ്ട്.
- എല്ലാ ജില്ലകളിലും പ്രാണിജന്യരോഗ നിയന്ത്രണത്തിനായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള തിരുവനന്തപുരം, മലപ്പുറം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ. ജില്ലകളിൽ പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട് മെഡിക്കൽ ഓഫീസർമാർക്കും ഫീൽഡ് ജീവനക്കാർക്കും വിവിധ പരിശീലനങ്ങൾ സംഘടിപ്പിച്ചു വരുന്നു.
- കൊതുക് ജന്യ രോഗങ്ങൾ തടയുവാൻ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ നിർമ്മാർജന പ്രവർത്തനങ്ങൾ നടത്തുകയും വിദ്യാലയങ്ങൾ, ഉറവിട

ജോലിസ്ഥലങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ എല്ലാ ആഴ്ചയും യഥാക്രമം വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ Dry Day ആചരിക്കുകയും ചെയ്യുന്നു.

- എലിപ്പനി തടയുവാനായി രോഗം വരാൻ സാധ്യതയുള്ളവർക്ക് പ്രതിരോധത്തിനായി ഡോക്സിസൈക്ലിൻ ഗുളികകൾ നൽകി വരുന്നു.
- ജില്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് വേണ്ടി സ്റ്റേറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പകർച്ചവ്യാധികളെ പറ്റി online പരിശീലനങ്ങൾ നടന്നുവരുന്നു.
- ORS, Doxycycline,Bleaching Powder തുടങ്ങിയവയുടെ സ്റ്റോക്ക് എല്ലാ സ്ഥാപനങ്ങളിലും ഉറപ്പാക്കുന്നു.
- പകർച്ചവ്യാധികൾ തടയുവാനുള്ള വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും, പൊതുജനങ്ങൾ പാലിക്കേണ്ട കർത്തവ്യങ്ങളെപ്പറ്റിയും അവബോധം വിവിധ ദൃശ്യ-ശ്രാവ്യ അച്ചടി-സാമൂഹിക മാദ്ധ്യമങ്ങളിലൂടെ നടത്തിവരുന്നു.
- പനിയുമായി ആശുപത്രിയിൽ വരുന്ന എല്ലാ രോഗികൾക്കും ഒ.പി, ഐ.പി ചികിത്സ ലഭ്യമാക്കിയിട്ടുണ്ട് പനിരോഗങ്ങളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ കാഷ്വാലിറ്റിയിൽ ഫീവർ ക്ലിനിക്ക് തുടങ്ങുന്നതാണ്.
- പനിയുമായി വരുന്ന രോഗികൾക്ക് വേണ്ട ലാബ് പരിശോധന സൗകര്യങ്ങളും മരുന്നിന്റെ ലഭ്യതയും ഉറപ്പാക്കി.
- ഇത്തരം രോഗങ്ങളുമായി ഐ.പി ചികിത്സ തേടുന്ന രോഗികൾക്ക് പ്രത്യേകിച്ചും കൊതുക് ജന്യ രോഗങ്ങളുമായി വരുന്ന രോഗികളെ കിടത്തുന്നതിന് അത്തരം രോഗികളെ കിടത്തുന്ന വാർഡുകളിൽ കൊതുക വലയോടുകൂടിയ കട്ടിലുകൾ തയ്യാറാക്കിയിട്ടുണ്ട്.
- Hospital Infection Control Committee meeting നടത്തുകയും ആവശ്യമായ പ്രതിരോധ മാർഗ്ഗങ്ങളും മറ്റ് പ്രവർത്തനങ്ങളും നടത്തിവരികയും ചെയ്യുന്നു.

(signature)

സെക്രട്ടറി ഓഫീസർ